## സഹകരണ സംഘത്തിൽ ജോലി ചെയ്യുന്ന സംഘാംഗങ്ങൾ തൊഴിലാളികൾ തന്നെ

### മദ്രാസ് ഹൈക്കോടതി

W.P. No. 1593/2021 Dt. 2.2.2021

പള്ളിയടി ഹേന്റ്ലൂം വീവേഴ്സ്
കോ-ഓപ്പറേറ്റീവ് പ്രൊഡക്ഷൻ ഏന്റ് സെയിൽ സൊസൈറ്റി ലിമിറ്റഡ്
x
അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട്
കമ്മീഷണർ

കൈത്തറി നെയ്ത്തുകാരുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി സ്ഥാപിതമായതാണ് പള്ളിയടി സഹകരണ സംഘം. സംഘത്തിലെ അംഗങ്ങളെല്ലാവരും നെയ്ത്തുകാരാണ്. അവർ സംഘത്തിനു വേണ്ടി ജോലി ചെയ്യുന്നവരാണ്. സഹകരണ സംഘം ഇ.പി.എഫ്. പദ്ധതിയിൽ തൊഴിലാളികളെ ചേർത്തില്ല. അംഗങ്ങളായ തൊഴിലാളികൾ തൊഴിലുടമകളാണെന്ന നിലപാടാണ് സംഘം സ്വീകരിച്ചത്. അപ്രകാരമായിരിക്കെ എൻഫോഴ്സ്മെന്റ് ഓഫീസർ സംഘത്തിൽ പരിശോധന നടത്തുകയും അവിടെ ജോലിചെയ്യുന്നവരെ ഇ.പി.എഫ്. പദ്ധതിയിൽ ചേർത്തിട്ടില്ലെന്നും നിയമം സംഘത്തിന് ബാധകമാണെന്നും കാണിച്ച് കമ്മീഷണർക്ക് റിപ്പോർട്ട് നല്കി. അതിന്റെ അടിസ്ഥാനത്തിൽ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം കമ്മീഷണർ നടത്തി. സംഘത്തിന്റെ വാദങ്ങൾ തിരസ്കരിച്ച കമ്മീഷണർ 1978 മുതൽ 1997 വരെയുള്ള കാലയളവിലെ വിഹിതം നിർണ്ണയിക്കുകയും ഉടനടി പണം അടയ്ക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇതിനെതിരെ സഹകരണ സംഘം മുൻസിഫ് കോടതിയിൽ വ്യവഹാരം ബോധിപ്പിച്ചു. വിധി അനുകൂലമല്ലായിരുന്നതിനാൽ സഹകരണ സംഘം ജില്ലാ കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഒന്നാം അപ്പീൽ തള്ളപ്പെട്ടതിനെത്തുടർന്ന് സഹകരണ സംഘം ഹൈക്കോടതിയിൽ രണ്ടാം അപ്പീൽ നല്കി. കീഴ്കോടതികളുടെ വിധി ശരിവച്ച ഹൈക്കോടതി രണ്ടാം അപ്പീൽ തള്ളിക്കളഞ്ഞു. തുടർന്ന് കുടിശിക വസൂലാക്കുന്നതിനുള്ള നടപടികൾ ഇ.പി.എഫ്. കമ്മീഷണർ ഊർജ്ജിതമാക്കി. ഇതിനെതിരെ സഹകരണ സംഘം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. കേന്ദ്ര കൈത്തറി വകുപ്പിന്റെ വിജ്ഞാപനപ്രകാരം, നെയ്ത്ത് സഹകരണ സംഘത്തിലെ നെയ്ത്തുകാരായ അംഗങ്ങൾ തൊഴിലാളികളല്ലെന്നും അംഗങ്ങളും സംഘവും തമ്മിൽ തൊഴിലാളി-തൊഴിലുടമ ബന്ധം നിലനില്ക്കുന്നില്ലെന്നും സഹകരണ സംഘം ചൂണ്ടിക്കാട്ടി. മന്ത്രാലയത്തിന്റെ വിജ്ഞാപനം പരിഗണിക്കാനാവില്ലെന്നും നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് നെയ്ത്തുകാരായ സംഘാംഗങ്ങൾ തൊഴിലാളികളാണെന്നും ഇ.പി.എഫ്. കമ്മീഷണർ വാദിച്ചു. മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിന് നിയമസാധുതയില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി സംഘത്തിൽ ജോലി ചെയ്യുന്ന സംഘാംഗങ്ങൾ തൊഴിലാളികൾ തന്നെയാണെന്ന് പ്രഖ്യാപിക്കുകയും ഇ.പി.എഫ്. കമ്മീഷണറുടെ തീരുമാനം ശരിവയ്ക്കുകയും സഹകരണ സംഘത്തിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.